പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2324 **27-10-2026-ൽ മറുപടിയ്ക്ക്**

കണ്ണൂർ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിജിൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഷ്ണാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രധാന പൊതുമേഖലാ സ്ഥാപനമായ കണ്ണൂർ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ എന്തെല്ലാം വികസന പദ്ധതികളാണ് ഈ സർക്കാർ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂർ കെൽട്രോൺ കോംപണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ താഴെ പറയുന്ന പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

- സൂപ്പർകപ്പാസിറ്റർ ഉത്പ്പാദനകേന്ദ്രത്തിന്റെ പൂർത്തീകരണം.
- കപ്പാസിറ്റർ ഉത്പ്പാദന കേന്ദ്രത്തിന്റെ വികസന പദ്ധതികളുടെ പൂർത്തീകരണം.
- KVAR, MPP-MS കപ്പാസിറ്റർ ഉൽപ്പാദന പദ്ധതികളുടെ പൂർത്തീകരണവും റെസിസ്റ്റർ പ്ലാന്റ്, E&F പ്ലാന്റ് തുടങ്ങിയവയുടെ നവീകരണവും.
- സൂപ്പർകപ്പാസിറ്റർ അധിഷ്ഠിത ഉത്പന്നങ്ങളുടെ ഉൽപ്പാദന കേന്ദ്രത്തിന്റെ പൂർത്തീകരണം.

അടുത്ത 5 വർഷം പുതുതായി വിഭാവനം ചെയ്യുന്ന വികസന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

- സൂപ്പർ കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം PHASE -2 പദ്ധതി.
- Lithium-ion phosphate battery ഉൽപ്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
- MPP (BOPP) ഫിലിം മെറ്റെലൈസേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
- ക്രിസ്റ്റൽസ് ഉൽപ്പാദന കേന്ദ്രത്തിന്റെ നവീകരണത്തിനുള്ള പദ്ധതി.
- SMD കോപണന്റസ് (Surface Mount Components) ഉൽപ്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
- Active ഇലക്ട്രോണിക്സ് കോംപണന്റ്സ് (Diode, Thyristor, Power ICs, Sensors, Opto electronics etc.) നിർമ്മിക്കുന്നതിനുള്ള ഉൽപ്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
- കപ്പാസിറ്റർ ഉത്പ്പാദനകേന്ദ്രത്തിന്റെ നവീകരണവും വികസനവും.
- കെ പി പി നമ്പ്യാർ സ്മാരകം (KPP Nambiar Electronics Research & Development Centre) രണ്ടാം ഘട്ട വികസന പദ്ധതി.

സെക്ഷൻ ഓഫീസർ